808/2020.

ഭരണഭാഷ - മാതൃഭാഷ

നമ്പർ. എ4/9720/14

താലൂക്കാഫീസ്, കാട്ടാക്കട
ഫോൺനം. 0471 2291414
ഇ.മെയിൽ : kattakadatalukoffice@gmail.com
തീയതി : 03.08.2020

DISTRICT COLLECTOR'S OFFICE
07 AUG 2020
THIRUVANANTHAPURAM

തഹസിൽദാർ
കാട്ടാക്കട

ജില്ലാ കളക്ടർ
തിരുവനന്തപുരം

സർ,

വിഷയം : ലേല പരസ്യം - ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന : ബഹു.ജില്ലാ കളക്ടറുടെ 18.07.19 ലെ എ14/62957/12-ാം നമ്പർ കത്ത്.

******

NIC

സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കാട്ടാക്കട താലൂക്ക് പരിധിയിലുള്ള കീഴാറൂർ വില്ലേജ് ആഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആഫീസ് പരിസരത്ത് നിന്നിരുന്ന മരങ്ങൾ മുറിച്ച് സൂക്ഷിച്ചിരുന്നത് 15.07.2020 ന് ലേലം ചെയ്തു നൽകുവാൻ നിശ്ചയിച്ചിരുന്നു എങ്കിലും ടി ദിവസം ലേലത്തിൽ പങ്കെടുക്കുവാൻ ആരും തന്നെ ഹാജരാകാതിരുന്നതിനാൽ 17.08.2020 ന് രാവിലെ 11.00 മണിക്ക് പുനർലേലം ചെയ്യുകയാണ്. സൂചന പ്രകാരം ലേല നോട്ടീസ് ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതിനാൽ ആയതിലേയ്ക്ക് ലേല നോട്ടീസ് ഇതോടൊപ്പം ചേർത്ത് വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ

തഹസിൽദാർ

ഉ.1

ഭരണഭാഷ മാതൃഭാഷ

നം. എ4/9720/14

താലൂക്കാഫീസ്, കാട്ടാക്കട
ഫോൺനം. 0471 2291414
ഇ.മെയിൽ : kattakadatalukoffice@gmail.com
തീയതി : 28.07.2020

## ലേല പരസ്യം

കാട്ടാക്കട താലൂക്കാഫീസിന്റെ പരിധിയിൽ ഉള്ള കീഴാറൂർ വില്ലേജ് ആഫീസിന്റെ കോമ്പൗണ്ടിനുള്ളിൽ വില്ലേജ് ആഫീസ് കെട്ടിടം പണിയുന്നതിന് തടസ്സമായി നിന്നിരുന്ന 11 മഹാഗണി മരങ്ങളും രണ്ടു ബദാം മരങ്ങളും വില്ലേജ് ആഫീസിൽ മുറിച്ചു സൂക്ഷിച്ചിട്ടുള്ളതും തിരുവനന്തപുരം സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.12.17 ലെ എസ്.എഫ്2/2541/17-ാം നമ്പർ കത്തിൻ പ്രകാരം വില നിശ്ചയിച്ചിട്ടുള്ളതും തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.01.18 ലെ എ14/62957/12-ാം നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ലേല തീയതിയും സമയവും : 11.08.2020 രാവിലെ 11 മണി
ലേല സ്ഥലം : കീഴാറൂർ വില്ലേജ് ആഫീസ്
നിരത ദ്രവ്യം : 5000/- രൂപ

മുകളിൽ വിവരിച്ച നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കുചേരാവുന്നതും ഏറ്റവും കൂടുതൽ തുക വിളിക്കുന്നയാളിന്റെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതു-മാണ്. ലേലം വിളി കേട്ടയാൾ ലേലദിവസം തന്നെ ലേല തുകയുടെ 18% ജി.എസ്.ടി യും 5% വന വികസന നികുതിയും ഉൾപ്പെടെ മൊത്തം തുകയും അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലംവിളി കേട്ടയാളിന്റെ നിരതദ്രവ്യം ലേലതുകയിൽ വകവയ്ക്കുന്നതും മറ്റു വ്യക്തികളുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തന്നെ തിരികെ നൽകുന്നതുമാണ്. വില്ലേജ് ആഫീസറുടെ ചുമതലയിൽ സൂക്ഷിച്ചിരിക്കുന്ന തടികൾ ജില്ലാ കളക്ടറേറ്റിൽ നിന്നും ലേലം സ്ഥിരപ്പെടുത്തി ലഭിച്ചാൽ ഉടൻതന്നെ സ്വന്തം ചെലവിൽ ആഫീസ് കെട്ടിടത്തിനോ മറ്റ് വൃക്ഷങ്ങൾക്കോ പൊതുജനങ്ങൾക്കോ പൊതുജനങ്ങളുടെ സ്വത്തു വകകൾക്കോ യാതൊരു വിധമായ നഷ്ടവും ഉണ്ടാകാതെ തടി നീക്കം ചെയ്യേണ്ടതുമാണ്. ലേലം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ

ആഫീസ് സമയത്ത് കാട്ടാക്കട താലൂക്കാഫീസ്, കീഴാറൂർ വില്ലേജ് ആഫീസ് എന്നിവിടങ്ങളിൽ നിന്നും അറിയാവുന്നതാണ്. ലേലം നടത്തുന്നതുമൂലം എന്തെങ്കിലും നഷ്ടം സർക്കാരിനോ പൊതു ജനങ്ങൾക്കോ ഉണ്ടായാൽ ലേലം വിളി കേൾക്കുന്നയാൾ മാത്രമായിരിക്കും ഉത്തരവാദി. ലേലം മാറ്റി വയ്ക്കുന്നതിനോ പുനർലേലം നടത്തുന്നതിനോ അടിയിൽ ഒപ്പിട്ടിരിക്കുന്നയാൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

തഹസിൽദാർ

പകർപ്പ്:

1. എല്ലാ വില്ലേജ് ആഫീസർമാർക്കും (നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന്)
2. താലൂക്ക് പരിധിയിലെ എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (നോട്ടീസ് ബോർഡിൽ പരസ്യപ്പെടുത്തുന്നതിന്)
3. ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ സോഷ്യൽ ഫോറസ്ട്രി,രാജീവ് ഗാന്ധി നഗർ, വട്ടിയൂർക്കാവ് പി.ഒ തിരുവനന്തപുരം
4. ജില്ലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ

റ്റി